**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 869 11.07.16 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നിലവാരം മോശമായിട്ടുള്ള സ്ഥിതി ഹൈക്കോടതി പരാമർശങ്ങളിലടക്കം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർവ്വകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ; | (ബി) | സർവ്വകലാശാലകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ സമഗ്രമായ അക്കാദമിക് ഓഡിറ്റ് നടത്തുകയും റ്റീച്ചിംഗ്, റിസർച്ച് & ലേണിംഗ് അസ്സെസ്സ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. MOOC Programme (Massive open online courses) ആരംഭിച്ചിട്ടുണ്ട്. MHRD യുടെ GIAN പദ്ധതി പ്രകാരം വിദേശ അദ്ധ്യാപകരുടെ നേതൃത്വത്തിൽ കോഴ്സുകൾ ആരംഭിക്കുവാനും പദ്ധതിയുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയുടെ NAAC അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സർവ്വകലാശാലയുടെ ഗ്രേഡ് മെച്ചപ്പെടുത്തുന്നതിന വേണ്ട |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ എല്ലാ പഠനവകുപ്പുകളെയും ബ്രാഞ്ചുകളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിവരുന്നു. യുജിസിയുടെയും മറ്റു ഏജൻസികളുടേയും സാമ്പത്തിക സഹായം പ്രയോജനപ്പെടുത്തി സർവ്വകലാശാലയിൽ നടത്തിവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പ്ലാനിംഗ് ബോഡിന്റെ മേൽനോട്ടത്തിൽ നടക്കുന്നു. കുസാറ്റിൽ ഡിഗ്രി തലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി Remedial coaching നൽകുന്നുണ്ട്. PG തലത്തിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. എം.ജി. സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി e-governance പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കണ്ണൂർ സർവ്വകലാശാലയുടെ നിലവാരം ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി 2009 മുതൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (സി) | സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളിലെ കാലവിളംബം പരിഹരിക്കുന്നതിനായി ഓൺ-ലൈൻ പ്രോസ്സസ്സിംഗ് സാദ്ധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കേരള സർവ്വകലാശാലയുടെ ബിരുദ – ബിരുദാനന്തര കോഴ്സുകളുടെ പ്രവേശനം ഗവേഷണത്തിനുള്ള രജിസ്ട്രേഷൻ നടപടികൾ എന്നിവ ഓൺലൈൻ മുഖേന ആക്കിയിട്ടിട്ടുണ്ട്. ഈ പേയ്മെന്റ് സൗകര്യവും പരീക്ഷകൾക്ക് ഓൺലൈൻ രജിസ്ട്രേഷനും കാലിക്കറ്റ് സർവ്വകലാശാല ലഭ്യമാക്കുന്നുണ്ട്. e-governance പദ്ധതി മഹാത്മാഗാന്ധി |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. UG/PG കോഴ്സുകൾ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റ് കോഴ്സുകൾ എന്നിവയ്ക്ക് ഓൺലൈൻ അഡ്മിഷൻ പദ്ധതി (CAP) ഏതാനും വർഷങ്ങളായി എംജി. സർവ്വകലാശാലയിൽ നടത്തിവരുന്നു. കണ്ണൂർ സർവ്വകലാശാലയിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ, സർവ്വകലാശാലയുടെ പ്രവർത്തന സമയം മെച്ചപ്പെടുത്തുന്നതിനായി ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി ഏകജാലക സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**